# KOLLAM CITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 10/12/ 2019


## അഷ്ടമുടി കായലിന് സംരക്ഷണമൊരുക്കി
## കൊല്ലം സിറ്റി പോലീസ്.



കൊല്ലം : നീണ്ടകര കോസ്റ്റൽ പോലീസും കേരളാ പോലീസ് ഓഫീസേഴ്സ് അസ്സോസിയേഷനും നടത്തിവരുന്ന ശുചിത്വ തീരം പദ്ധതിയുടെ ഭാഗമായി കണ്ടൽവനവത്കരണം 7-ാം ഘട്ടം ആയിരം (1,000) കണ്ടൽതൈകൾ ചവറ തെക്കുംഭാഗം കാടൻമൂല കൊച്ച് തുരുത്തിന് ചുറ്റും മുളം കുറ്റികൾ നാട്ടി സംരക്ഷണമൊരുക്കി നട്ടുകൊണ്ട് ആരംഭിച്ചു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും മൂലം സുനാമിയും ഓഖിയും പ്രളയവും ബാധിച്ചില്ല നമ്മുടെ നാടിന് ഗ്രീൻ പോലീസിംഗിന്റെ ഭാഗമായി നടത്തിവരുന്ന കണ്ടൽ വനവത്കരണം സംസ്ഥാനത്തിനാകെ മാതൃകയാവുകയാണെന്ന് പരിപാടി ഉദ്ഘാടനം ചെയ്തുകൊണ്ട് സിറ്റി പോലീസ് മേധാവി ശ്രീ. പി.കെ മധു ഐ.പി.എസ് പറഞ്ഞു. 13.12.2019 രാവിലെ 07.00 മണിക്ക് കൊച്ച്തുരുത്തിൽ സിറ്റി പോലീസ് മേധാവി ആദ്യ തൈ നട്ടു. 09 മണിയോടെ കണ്ടൽ തൈകൾ പൂർണ്ണമായും നട്ടശേഷം തുടർന്ന് നടന്ന ഹരിതസമ്മേളനം കോസ്റ്റൽ ഇൻസ്പക്ടർ വൈ. മുഹമ്മദ് ഷാഫി അദ്യക്ഷത വഹിച്ചു, കേരളാ പോലീസ് ഓഫീസേഴ്സ് അസ്സോസിയേഷൻ ജില്ലാ പ്രസിഡന്റ് ആർ. ജയകുമാർ സ്വാഗതവും കൊസ്റ്റൽ പി.ആർ.ഒ ശ്രീകുമാർ നന്ദിയും ആശംസിച്ചു. മുഖ്യപ്രഭാഷണം പരിസ്ഥിതി പ്രവർത്തകൻ വൈ.കെ മധുസൂധനൻ നടത്തി തെക്കുംഭാഗം പഞ്ചായത്ത് പ്രസിഡന്റ് യേശുദാസ് വാർഡ് മെമ്പർ കെ.സുരേഷ്ബാബു, ഷാജി ശർമ്മ കെ.പി.ഒ.എ സംസ്ഥാന അംഗം കെ.സുനി, സാമൂഹിക പ്രവർത്തകൻ കാടൻമൂല രാജേഷ് , എം.എൻ.സി എൻ.എസ്.എസ് പ്രോഗ്രം ഓഫീസർ അരുൺ അരവിന്ദ് എസ്.പി.സി അസ്സി. നോഡൽ ഓഫീസർ വൈ.സോമരാജ്, സേ ട്രീ ബ്രിജേഷ് എസ് നാഥ്, കോസ്റ്റൽ എസ്.ഐ മാരായ എം.സി പ്രശാന്തൻ, ഭുവനദാസ്, അശോകൻ, സെബാസ്റ്റ്യൻ, റ്റി.എ നജീബ് എന്നിവർ ആശംസകൾ അർപ്പിച്ചു. പരിപാടിയിൽ ചവറ ഗവ.എച്ച്.എസ്.എസ് എസ്.പി.സി യൂണിറ്റ്, എം.എൻ.സി എൻ.എസ്.എസ് യൂണിറ്റ്, ഹായ് ക്ലബ്ബ്, കാസ്കറ്റ് പ്രദേക വാസികൾ തുടങ്ങിയവർ പങ്കെടുത്തു.

